# കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, ടാക്സ് ടവേഴ്സ്, കരമന, തിരുവനന്തപുരം

## കേരള എസ്.ജി.എസ്.ടി. പോളിസി ഡിവിഷൻ

ഇ- മെയിൽ: cstpolicy.sgst@kerala.gov.in ഫോൺ: 0471-2785276

ഫയൽ നമ്പർ: SGST/1943/2024-PLC9 തീയതി: 17-01-2025

**മേഖലാടിസ്ഥാനത്തിലുള്ള ട്രേഡ് അഡ്വൈസറി ...01.../2025 - തടി വ്യാപാര മേഖല**

ചരക്ക് സേവന നികുതി സമ്പ്രദായത്തിലൂടെ (ജി.എസ്.ടി.) ഇന്ത്യയിലെ നികുതി വ്യവസ്ഥിതിയിൽ വലിയ തോതിലുള്ള മാറ്റത്തിന് വിധേയമായിട്ടുണ്ട്. ഇത് തടി വ്യവസായം ഉൾപ്പടെയുള്ള എല്ലാ മേഖലകൾക്കും ബാധകമാണ്. തടി വ്യവസായവുമായി ബന്ധപ്പെട്ട നിർമ്മാതാക്കൾ, വിതരണക്കാർ, ചില്ലറ വ്യാപാരികൾ തുടങ്ങിയവർക്ക് ജി.എസ്.ടി. യുടെ പ്രായോഗികത, രജിസ്ട്രേഷൻ പ്രക്രിയ, ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവ മനസ്സിലാക്കേണ്ടത് സുഗമവും നീതിയുക്തവുമായി ബിസിനസ് നടത്തിക്കൊണ്ടുപോകുന്നതിന് അത്യാവശ്യമാണ്.

**I. ജി.എസ്.ടി. രജിസ്ട്രേഷൻ**

തടി വ്യവസായവുമായി ബന്ധപ്പെട്ട് നിർമ്മാതാക്കൾ, വിതരണക്കാർ, ചില്ലറ വ്യാപാരികൾ, തുടങ്ങിയവർ അവരുടെ ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ്, ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്നതാണെങ്കിൽ 40 ലക്ഷം രൂപയും സേവനങ്ങൾ മാത്രം അല്ലെങ്കിൽ ചരക്കുകളും സേവനങ്ങളും ചേർന്ന് വരുന്ന അവസരത്തിൽ 20 ലക്ഷം രൂപയും അധികരിക്കുന്ന പക്ഷം ജി.എസ്.ടി. നിയമത്തിന് വിധേയമായി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത ഒരു വ്യക്തിക്ക് തങ്ങളുടെ സാധനങ്ങളുടെ/സേവനങ്ങളുടെ സപ്ലൈയ്ക്കു ബാധകമായ നിരക്കിൽ GST കളക്ട് ചെയ്തു അടയ്ക്കാനും ബാധ്യതയുണ്ട്. വിറ്റുവരവ് നിർദ്ദിഷ്ട പരിധി കവിയുന്ന തിയതി മുതൽ 30 ദിവസത്തിനുള്ളിൽ കോമൺ പോർട്ടൽ

(www.gst.gov.in) വഴി ഓൺലൈനായി രജിസ്ട്രേഷൻ എടുക്കുന്നതിനു വേണ്ട നടപടികൾ പൂർത്തിയാക്കണം. രജിസ്റ്റർ ചെയ്ത ഒരു വ്യക്തിക്ക് സാധാരണ രജിസ്ട്രേഷൻ അല്ലെങ്കിൽ കോമ്പോസിഷൻ സ്കീം എന്നിവയിലേതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാവുന്നതാണ്.

## II. കോമ്പോസിഷൻ സ്കീം

ജി.എസ്.ടി. നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട നികുതിദായകർക്ക് ജി.എസ്.ടി. നിയമത്തിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച്, കുറഞ്ഞ നിരക്കിൽ നികുതി അടവു സാധ്യമാക്കുന്ന ഒരു സംവിധാനമാണ് കോമ്പോസിഷൻ സ്കീം. ഒരു സാമ്പത്തിക വർഷത്തിൽ 1.5 കോടി രൂപ വരെ മൊത്തം വിറ്റുവരവുള്ള ചരക്കുകളുടെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന നികുതിദായകരും അമ്പത് ലക്ഷം വരെ മൊത്തം വിറ്റുവരവുള്ള സേവനദാതാക്കളും കോമ്പോസിഷൻ സ്കീമിന് അർഹരാണ്. ഈ പദ്ധതിപ്രകാരം;

- ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്നവർക്ക് വിറ്റുവരവിന്റെ 1% എന്ന നിശ്ചിത നിരക്കിലും സേവനങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നവർക്ക് വിറ്റുവരവിന്റെ 6% നിരക്കിലും GST ഒടുക്കേണ്ടതാണ്.
- ഇത്തരം നികുതിദായകർക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നതിന് അർഹതയില്ല.
- ഇവർക്ക്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനും (ITC) യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
- കൂടാതെ, സംസ്ഥാനത്തിനു പുറത്തേക്കുള്ള വിതരണവും അനുവദനീയവുമല്ല.

## III. നികുതി നിരക്കുകൾ

| HSN/Heading | Description | Tax rate |
|---|---|---|
| 4401 | Firewood or fuel wood | Nil |
| 4401 | Wood in chips or particles; sawdust and wood waste and scrap, whether or not agglomerated in logs, briquettes, pellets or similar forms | 5% |
| 4402 | Wood charcoal | Nil |
| 4403 | Wood in the rough | 18% |

| | | |
|---|---|---|
| 4407 | Wood sawn or chipped | 18% |
| 4412 | Plywood, veneered panels, and similar laminated wood | 18% |

**IV. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC)**

ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ നികുതിക്കുമേൽ നികുതി ചുമത്തുന്നത് ഒഴിവാക്കുന്നതിന് വേണ്ടി കൈക്കൊണ്ട ഒരു സുപ്രധാന സംവിധാനമാണ് ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് (ITC) ന്റെ തടസ്സമില്ലാത്ത വിനിയോഗം. ബിസിനസ്സ് ആവശ്യങ്ങൾക്കായി വാങ്ങിയ ഇൻപുട്ടുകൾക്കും സ്വീകരിച്ച ഇൻപുട്ട് സേവനങ്ങൾക്കും ഇതിനോടകം രജിസ്ട്രേഷനുള്ള ഒരു നികുതിദായകന് നൽകിയ ജി.എസ്.ടി. യുടെ ക്രെഡിറ്റ് ക്ലെയിം ചെയ്യുവാൻ രജിസ്ട്രേഷനുള്ള മറ്റൊരു നികുതിദായകനെ വ്യവസ്ഥകൾക്ക് വിധേയമായി നിയമം അനുവദിക്കുന്നു. ITC ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ;

- നികുതിദായകന് വിതരണക്കാരനിൽ നിന്ന് ലഭിച്ച സാധുതയുള്ള ഒരു നികുതി ഇൻവോയ്സോ ഡെബിറ്റ് നോട്ടോ ഉണ്ടായിരിക്കണം.
- GST ഒടുക്കിയ ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ, നികുതിദായകന് ലഭിച്ചിരിക്കണം.
- ലഭിച്ച സാധനങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ നികുതിദായകന് അവരുടെ ബിസിനസ്സ് അല്ലെങ്കിൽ ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതായിരിക്കണം.
- ചരക്കുകൾ/സേവനങ്ങൾ വിതരണം ചെയ്ത നികുതിദായകൻ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന റിട്ടേണുകൾ ഫയൽ ചെയ്യുകയും ബാധകമായ നികുതി സർക്കാരിലേക്ക് ഒടുക്കുകയും ആയതിന്റെ വിവരം റിട്ടേൺ വഴി അത് സ്വീകരിച്ച വ്യക്തിയെ അറിയിക്കുകയും ചെയ്തിരിക്കണം.

**V. റിട്ടേൺ ഫയലിംഗ്**

റെഗുലർ സ്കീമിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ നികുതിദായകരും ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ GSTR-1, GSTR-3B എന്നീ റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതും ബാധകമായ നികുതി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തിട്ടുള്ളവർ, നിശ്ചിത സമയ പരിധിക്കുള്ളിൽ GST CMP-08 എന്ന ഒരു

ത്രൈമാസ പ്രസ്താവനയും **GSTR-04** എന്ന വാർഷിക റിട്ടേണും ഫയൽ ചെയ്യേണ്ടതുണ്ട്. ജി.എസ്.ടി. സംവിധാനത്തിൽ റിട്ടേൺ ഫയലിംഗ് ഉൾപ്പടെയുള്ള എല്ലാ നടപടികളും **'www.gst.gov.in'** എന്ന കോമൺ പോർട്ടലിലൂടെയാണ് ചെയ്യേണ്ടത്.

**VI. ഇൻവോയ്സിംഗ്, ഇ-വേ ബിൽ**

തടി വ്യവസായവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ നികുതിദായകനും തന്റെ എല്ലാ സപ്ലൈകൾക്കും ടാക്സ് ഇൻവോയ്സ് (റഗുലർ നികുതിദായകർ) അല്ലെങ്കിൽ ബില്ല് ഓഫ് സപ്ലൈ (കോമ്പോസിഷൻ നികുതിദായകർ) നൽകേണ്ടതാണ്. നികുതി ഇൻവോയ്സുകളിൽ നികുതി വിധേയനായ വ്യക്തിയുടെ പേര് വിലാസം, **GSTIN**, ഇൻവോയ്സ് നമ്പർ, തീയതി, ചരക്കുകളുടെ വിവരണം, തടി ഉൽപന്നങ്ങൾക്കുള്ള ഹാർമോണൈസ്ഡ് സിസ്റ്റം ഓഫ് നോമൻക്ലേച്ചർ **(HSN)** കോഡ്, ബാധകമായ ജി.എസ്.ടി. നിരക്ക്, നികുതി നൽകേണ്ട മൂല്യം, ഈടാക്കുന്ന നികുതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

ഇൻവോയ്സിന് പുറമേ, **50,000/-** അല്ലെങ്കിൽ അതിനു മുകളിൽ മൂല്യമുള്ള തടി അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റ് ഉത്പന്നങ്ങളുടെ ചരക്കു നീക്കം നടത്തുന്ന ജി.എസ്.ടി.രജിസ്ട്രേഷനുള്ള നികുതിദായകർ, **'ewaybillgst.gov.in'** പോർട്ടലിൽ ലോഗിൻ ചെയ്ത് ചരക്ക് നീക്കം ആരംഭിക്കുന്നതിന് മുൻപ് ഇ-വേ ബിൽ ജനറേറ്റ് ചെയ്യേണ്ടതാണ്. ജി.എസ്.ടി. രജിസ്ട്രേഷനുള്ള ഒരു നികുതിദായകൻ ജോബ് വർക്കിനായി അന്തർസംസ്ഥാന ചരക്കുനീക്കം നടത്തുമ്പോൾ, ചരക്കിന്റെ മൂല്യം എത്രതന്നെ ആയാലും, രജിസ്റ്റർ ചെയ്ത വ്യാപാരി/ഉത്പാദകൻ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ജോബ് വർക്കർ ഇവരിലാരെങ്കിലും നിർബന്ധമായും ഇ-വേ ബിൽ ജനറേറ്റ് ചെയ്തിരിക്കണം.

**VII. നികുതി നിയമങ്ങൾ പാലിക്കപ്പെടാതിരുന്നാൽ**

ആറ് മാസമോ അതിൽ കൂടുതലോ തുടർച്ചയായി ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യാതിരുന്നാൽ ജി.എസ്.ടി. രജിസ്ട്രേഷൻ താൽക്കാലികമായി തടഞ്ഞുവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ഇടയാക്കിയേക്കാം. ഇതിനുപുറമെ, ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും പാലിക്കാതിരിക്കുന്നതിനുള്ള പിഴ ഈടാക്കുകയും, ഒടുക്കാത്ത നികുതി, ആയതിന്റെ പലിശ എന്നിവ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐ.ടി.സി.) നിരസിക്കുക എന്നിവ ഉൾപ്പെടെയുള്ള നടപടികൾക്ക് കാരണമാകും. നിയമങ്ങളും ചട്ടങ്ങളും തുടർച്ചയായി പാലിക്കാതിരിക്കുന്നത് ചരക്കുകളും രേഖകളും പിടിച്ചെടുക്കുന്നതിലേക്ക് നയിച്ചേക്കാം. ഗൗരവതരമായ നികുതി

നിയമലംഘനങ്ങൾക്ക് കനത്ത പിഴയും അറസ്റ്റും ഉണ്ടായേക്കാം. കടുത്ത പിഴകൾ ഒഴിവാക്കുന്നതിനും സുഗമവും നീതിയുക്തവുമായി ബിസിനസ് നടത്തിക്കൊണ്ടുപോകുന്നതിനും വാർഷിക വിറ്റുവരവ്, ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പരിധി കടക്കുമ്പോൾ തന്നെ രജിസ്ട്രേഷൻ എടുക്കേണ്ടതും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ റിട്ടേണുകൾ ഫയൽ ചെയ്തു നികുതി സർക്കാരിലേക്ക് ഒടുക്കേണ്ടതും അത്യാവശ്യമാണ്.

## VIII. സാധനങ്ങൾ കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ രേഖകൾ

| ക്രമനമ്പർ | വിതരണത്തിന്റസ്വഭാവം/ വ്യാപാരത്തിന്റെ സ്വഭാവം | വ്യാപാരിയുടെ തരം | ചരക്ക്/ സേവനം നൽകുമ്പോൾ ആവശ്യമായ രേഖകൾ | ചരക്കു നീക്കം നടത്തുമ്പോൾ വാഹനത്തിൽ ഉണ്ടായിരിക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | വിൽപ്പന/വാങ്ങൽ | സപ്ലയറും സ്വീകർത്താവും GST രജിസ്റ്റർ ചെയ്യപ്പെട്ട നികുതിദായകർ | സപ്ലയർ നൽകിയ ഇൻവോയ്സ്/ഇ-ഇൻവോയ്സ്/ ബില്ല് ഓഫ് സപ്ലൈ | 1.ഇൻവോയ്സ്/ഇ-ഇൻവോയ്സ്/ബില്ല് ഓഫ് സപ്ലൈ (ഇ-ഇൻവോയ്സിൻറെ കാര്യത്തിൽ ഇൻവോയ്സ് റഫറൻസ് നമ്പർ അടങ്ങിയ QR കോഡ്)<br>2. ഇ-വേബിൽ * |
| 2 | വിൽപ്പന/വാങ്ങൽ | സപ്ലയർ രജിസ്റ്റർ ചെയ്ത നികുതിദായകൻ & സ്വീകർത്താവ് രജിസ്റ്റർ ചെയ്യാത്ത വ്യാപാരി/പൊതു ജനം | സപ്ലയർ നൽകിയ ഇൻവോയ്സ്/<br>ബില്ല് ഓഫ് സപ്ലൈ | 1. ഇൻവോയ്സ്/ബില്ല് ഓഫ് സപ്ലൈ<br>2. ഇ-വേ ബിൽ* |
| 3 | വിൽപ്പന/വാങ്ങൽ | സപ്ലയർ രജിസ്റ്റർ ചെയ്യാത്ത വ്യാപാരി/പൊതു ജനം &<br>സ്വീകർത്താവ് രജിസ്റ്റർ | സ്വീകർത്താവ്<br>നൽകിയ പേയ്മെന്റ് വൗച്ചർ | 1.ഡെലിവറി ചലാൻ<br>2. ഇ-വേബിൽ* |

| | | | | |
|---|---|---|---|---|
| | | ചെയ്ത നികുതിദായകൻ | | |
| 4 | വിൽപ്പന/വാങ്ങൽ | സപ്ലയറും സ്വീകർത്താവും രജിസ്റ്റർ ചെയ്യാത്ത വ്യാപാരി/പൊതു ജനം | വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുവാൻ ഉപോൽബലകമായ ഏതെങ്കിലും ഡോക്യുമെന്റ് | 1. വിതരണക്കാരൻ്റെയും സ്വീകർത്താവിൻ്റെയും യാഥാർത്ഥ്യത തെളിയിക്കുന്ന ഏതെങ്കിലും രേഖകൾ<br>2. ഇ-വേ ബിൽ** |
| 5 | ജോബ് വർക്ക് | സപ്ലയറും ജോബ് വർക്കറും ജി എസ് ടി രജിസ്റ്റർ ചെയ്ത നികുതിദായകർ | ഡെലിവറി ചലാൻ | 1. ഡെലിവറി ചലാൻ<br>2. ഇ-വേബിൽ* |
| 6 | ജോബ് വർക്ക് | സപ്ലയർ രജിസ്റ്റർ ചെയ്ത നികുതിദായകൻ<br>സ്വീകർത്താവ് രജിസ്റ്റർ ചെയ്യാത്ത ജോബ് വർക്കർ | ഡെലിവറി ചലാൻ | 1. ഡെലിവറി ചലാൻ<br>2. ഇ-വേബിൽ* |
| 7 | മാനുഫാക്ചറിംഗ് സർവീസ് | വിതരണക്കാരൻ രജിസ്റ്റർ ചെയ്യാത്ത വ്യാപാരി/പൊതു ജനം<br>സ്വീകർത്താവ് രജിസ്റ്റർ ചെയ്ത ജോബ് വർക്കർ | ഡെലിവറി ചലാൻ | 1. ഡെലിവറി ചലാൻ<br>2. ഇ-വേബിൽ* |
| 8 | സപ്ലൈ അല്ലാത്തവ | വിതരണക്കാരനും സ്വീകർത്താവും രജിസ്റ്റർ ചെയ്യാത്ത ജോബ് വർക്കർ /പൊതുജനം | വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുവാൻ ഉപോൽബലകമായ ഏതെങ്കിലും ഡോക്യുമെന്റ് | 1. വിതരണക്കാരൻ്റെയും സ്വീകർത്താവിൻ്റെയും യാഥാർത്ഥ്യത തെളിയിക്കുന്ന ഏതെങ്കിലും രേഖകൾ/ പെയ്മെന്റ് വൗച്ചർ അല്ലെങ്കിൽ റെസിപ്ട് വൗച്ചർ<br>2. ഇ-വേ ബിൽ** |

*ഖണ്ഡിക 6 ൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ ഇ-വേബില്ലുകൾ എടുക്കേണ്ടതാണ്. ചരക്കു നീക്കത്തിന് ഇ-വേ ബില്ലിൻ്റെ പകർപ്പ്

നിർബന്ധമല്ല. ഇ-വേബിൽ നമ്പറോ പകർപ്പോ അല്ലെങ്കിൽ ഇലക്ട്രോണിക് രീതിയിലുള്ള വിവരങ്ങളോ കരുതാവുന്നതാണ്.

** രജിസ്റ്റർ ചെയ്യാത്ത ഒരാൾക്ക് ഇ-വേ ബിൽ പോർട്ടലിൽ നിന്ന് സ്വന്തം ആവശ്യത്തിനോ സപ്ലൈയുടെ ഭാഗമായോ ചരക്ക് നീക്കം നടത്തുന്നതിന് ടിയാന്റെ /ടിയാളുടെ വിശദാംശങ്ങളും വാഹന വിശദാംശങ്ങളും നൽകി ഇ-വേ ബിൽ ജനറേറ്റ് ചെയ്യാനുള്ള സംവിധാനം ഇ-വേ ബിൽ പോർട്ടലിൽ ലഭ്യമാണ്. ചരക്കുകളുടെ തടസ്സരഹിതമായ നീക്കത്തിന് ഇത് സഹായകരമാകും.

**നിരാകരണം:** സംസ്ഥാനത്ത് ജി.എസ്.ടി. യെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും വ്യാപാരക്ഷമത വർധിപ്പിക്കുന്നതിനും ജി.എസ്.ടി. നടപടിക്രമങ്ങളെക്കുറിച്ചുള്ള ബോധവത്കരണത്തിനും വേണ്ടിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. വ്യാപാര മേഖലകളിൽ നിന്നുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും ലഭിക്കുന്നതനുസരിച്ച് ആവശ്യമുള്ള പക്ഷം തുടർ പ്രസിദ്ധീകരണങ്ങൾക്കുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

നികുതി നിയമങ്ങൾ പാലിക്കേണ്ടതിനായി എല്ലാ നികുതിദായകരും/പ്രൊഫഷണലുകളും നിയമങ്ങൾ മനസ്സിലാക്കേണ്ടതാണ്. ഈ ട്രേഡ് അഡ്വൈസറി ജി.എസ്.ടി. ബോധവൽക്കരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത് ഏതെങ്കിലും നിയമത്തിന്റെ വ്യാഖ്യാനമായി കണക്കാക്കാവുന്നതല്ല.

**ABRAHAM RENN S IRS**

**SPECIAL COMMISSIONER**

Signed by
Abraham Renn S
Date: 17-01-2025 13:57:00